dpompm.pol@kerala.gov.in

# പോലീസ് വകുപ്പ്
# കേരളം

**No. H2-92680/2022/MM**
ജില്ലാ പോലീസ് ഓഫീസ്,
മലപ്പുറം
✉spmpm.pol@kerala.gov.in
📞04832734983
തീയതി. 03-06-2023

**<u>കാരണംകാണിക്കൽ നോട്ടീസ് (H2/PR/54/2022/MM)</u>**

വിഷയം-ശ്രീ.അഭിലാഷ് .ആർ.വി സി.പി.ഒ 5555 എം.എം (PEN 639990)എന്ന സേനാംഗത്തിനെതിരായ വാച്യാന്വേഷണം -കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് സംബന്ധിച്ച്

സൂചന:1)27/06/2022 ലെ A5(a)-14986/2022/MM നമ്പർ ഉത്തരവ്

2)06/12/2022 തിയ്യതിയിലെ ജില്ലാ പോലീസ് മേധാവിയുടെ H2/92680/2022/MM നമ്പർ നടപടിക്രമം

3)സ്റ്റേഷൻ ഹൌസ് ഓഫീസ്സർ,കൊളത്തൂർ 29/04/2023 ന സമർപ്പിച്ച പി.ആർ മിനുട്സും അനുബന്ധ രേഖകളും

ശ്രീ.അഭിലാഷ് .ആർ.വി സി.പി.ഒ 5555 എം.എം (PEN 639990)എന്ന താങ്കൾ മലപ്പുറം ഡി.എച്ച്.ക്യൂ വിൽ പ്രവർത്തിയെടുത്ത് വരവെ 08/11/2021 തീയതി മുതൽ 20/01/2022 തീയതി വരെ ചികിത്സക്കായി 74 ദിവസത്തെ അവധിയിൽ പോകുകയും തുടർന്ന് 21/01/2022 തീയതി ആവശ്യമായ അവധി അപേക്ഷയും, മെഡിക്കൽ രേഖകളും സഹിതം തിരിച്ച് ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്നതാണ്. എന്നാൽ താങ്കൾ പ്രസ്തുത കാലത്തേക്കുള്ള മെഡിക്കൽ രേഖകൾ മാത്രം സമർപ്പിക്കുകയും അനധികൃത അവധിയിൽ തുടരുകയുമുണ്ടായി. ആയതിനാൽ, പോലീസ് സ്റ്റാൻഡിംഗ് ഓർഡർ 147, പി.എച്ച്.ക്യൂ. സർക്കുലർ 22/74 എന്നിവ പ്രകാരം താങ്കൾക്ക് തപാൽ മുഖാന്തിരം അനക്സർ 1, അനക്സർ 2 എന്നിവ പ്രകാരമുള്ള മെമ്മോകൾ അയച്ചു നൽകിയിട്ടുള്ളതും ആയത് കൈപ്പറ്റാതിരുന്നതിനെതുടർന്ന് വീട്ടിൽ പതിച്ചുനടത്തിയിട്ടുള്ളതാണ്. ഇത്തരത്തിൽ താങ്കൾ യാതൊരു കാരണവും ബോധിപ്പിക്കാതെ മന:പൂർവം ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതിനാൽ താങ്കളെ പോലീസ് സ്റ്റാൻഡിംഗ് ഓർഡർ 147 വകുപ്പ പ്രകാരം 08/11/2021 തീയതി പൂർവാഹ്നം മുതൽ പോലീസ് ഒളിച്ചോടിപ്പോയവനായി പ്രഖ്യാപിച്ചുകൊണ്ട് സൂചന 1 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

അച്ചടക്കസേനയിലെ ഉത്തരവാദിത്തപ്പെട്ട സേനാംഗമായ ടിയാൻ അനധികൃതമായി സേനയിൽ നിന്നും വിട്ടുനിൽക്കുന്നു എന്നത് ടിയാൻറെ ഭാഗത്തു നിന്നുമുണ്ടായ അച്ചടക്കലംഘനവും, കൃത്യവിലോപവും, നിരുത്തരവാദിത്തവുമാണെന്നു പ്രഥമദൃഷ്ട്യാ ബോധ്യമായതിൻറെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ കൂടുതൽ അന്വേഷണം വേണമെന്നുള്ളതിനാൽ ആരോപിത കുറ്റങ്ങളെക്കുറിച്ച് താങ്കൾക്കെതിരായി 1958 ലെ കേരളാ പോലീസ് ഡിപ്പാർട്ട്മെന്റൽ എൻക്വയറീസ് പണിമെന്റ് ആന്റ് അപ്പീൽ റൂൾസ് പ്രകാരം ടി കാര്യത്തിൽ വിശദമായ വാച്യാന്വേഷണം നടത്തുന്നതിന് ഇൻസ്പെക്ടർ എസ്.എച്ച്.ഒ കൊളത്തൂരിനെ ചുമതലപ്പെടുത്തിക്കൊണ്ടു സൂചന 2 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ആരോപിക്കപ്പെട്ട കുറ്റങ്ങളെക്കുറിച്ച് വിശദമായ വാച്യാന്വേഷണം നടത്തി അന്വേഷണോദ്യോഗസ്ഥൻ സൂചന 3 പ്രകാരം അന്വേഷണവിചാരണപത്രിക സമർപ്പിച്ചിട്ടുള്ളതാണ്.

അന്വേഷണവിചാരണ പത്രികയും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചതിൽ,

താങ്കൾക്കെതിരായി ആരോപിക്കപ്പെട്ട കുറ്റം തെളിയുന്നു എന്ന് അന്വേഷണോദ്യോഗസ്ഥൻ നിഗമനത്തിലെത്തിയിരിക്കുന്നു. അന്വേഷണോദ്യോഗസ്ഥന്റെ നിഗമനത്തോട് പൂർണ്ണമായും യോജിച്ചുകൊണ്ട് മേൽ കുറ്റത്തിനുള്ള ശിക്ഷയായി താങ്കൾ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന 08/11/2021 തീയതി പൂർവാഹ്നം മുതൽ താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനായി (Removal from service) താത്കാലികമായി തീരുമാനിക്കുന്നു. മേൽ തീരുമാനത്തിനെതിരായി താങ്കൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും അല്ലാത്തപക്ഷം എൻറെ മേൽ തീരുമാനത്തിനെതിരായി താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ഇനി ഒരു അറിയിപ്പില്ലാതെ ടി തീരുമാനം സ്ഥിരപ്പെടുത്തുന്നതുമാണ്.

സുജിത്ദാസ് എസ് ഐ പി എസ്
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | ശ്രീ.അഭിലാഷ് .ആർ.വി,എന്നവർക്ക് സി.പി.ഒ 5555 എം.എം (PEN 639990) എന്നവർക്ക് അസിസ്റ്റന്റ് കമാണ്ടന്റ്,മലപ്പുറം ഡി.എച്ച്.ക്യൂ മുഖാന്തിരം(പി.ആർ മിനുട്സ് പകർപ്പ് സഹിതം) |
| പകർപ്പ് | : | അസിസ്റ്റന്റ് കമാണ്ടന്റ്,മലപ്പുറം ഡി.എച്ച്.ക്യൂ വിന് ഇരട്ട പകർപ്പിൽ -ഒരു പകർപ്പ് പി.ആർ മിനുട്സ് സഹിതം കുറ്റാരോപിതന് നൽകി മറുപകർപ്പിൽ തിയ്യതിയും സമയവും സഹിതമുള്ള ലക്ഷ്യം ലഭ്യമാക്കിയോ നേരിട്ട് നൽകുന്നതിന് സാധിച്ചില്ലെങ്കിൽ നോട്ടീസ് പകർപ്പ് ടിയാന്റെ വീട്ടിൽ രണ്ട് പൊതുസാക്ഷികളുടെ സാന്നിധ്യത്തിൽ പതിച്ച നടപ്പാക്കിയോ ഈ കാര്യാലയത്തിലേക്ക് തിരിച്ചയക്കേണ്ടതാണ്. |